# ACADEMIC MASTER PLAN

## ST. MARY'S U.P. SCHOOL KOLLAD.

# അടിസ്ഥാന വിവരങ്ങൾ

Name of School : St. Mary's U.P.S. Kollad

Name of Revenue Village.
Ward : Panachikkad Village, Ward - III

District : Kottayam

Sub - District : Kottayam East

BRC : Kottayam East

Grama Panchayath : Panachikkad

Block Panchayath : Pallom

Thaluk : Kottayam

E-mail : stmaryskollad@gmail.com

Name of HM : Aji Paul

Mobile No : 9446818891

കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിൽ മൂന്നാം വാർഡിൽ കൊല്ലാട് സെന്റ് മേരീസ് യു പി സ്കൂൾ സ്ഥിതിചെയ്യുന്നു. ഈ വാർഡിൽ തന്നെയുള്ള ഗവ. എൽ. പി. സ്കൂൾ സമീപവാർഡിലെ സെന്റ്. ആൻഡ്രൂസ് എൽ. പി. സ്കൂൾ എന്നിവ ഈ സ്കൂളിന് സമീപത്തായി സ്ഥിതി ചെയ്യുന്നു. ഏകദേശം ഒരു കിലോമീറ്ററിന് ഉള്ളിലാണ് രണ്ട് സ്കൂളുകളും. ഇവിടെ നിന്നും നാലാം ക്ലാസ്സിൽ നിന്ന് വിജയിച്ചുവരുന്ന കുട്ടികളാണ് സെന്റ് മേരീസ് യു. പി. സ്കൂളിൽ അധ്യയനം നടത്തുന്നത്.

1955 ൽ വന്ദ്യനായ, കെ. എം. ഏലിയാസ് അച്ചൻ സ്ഥാപിച്ചതാണ് ഈ സ്കൂൾ. അന്ന് ഈ ഗ്രാമപ്രദേശത്ത് രണ്ട് എൽ. പി. സ്കൂൾ മാത്രമാണ് ഉണ്ടായിരുന്നത്. അപ്പർ പ്രൈമറിതലത്തിലുള്ള പഠനത്തിന് ഇവിടെ അവസരമില്ലാതിരുന്നതാണ് ഈ സ്കൂൾ സ്ഥാപിക്കാൻ ബഹു. അച്ചനെ പ്രേരിപ്പിച്ചത്.

1991-92 സ്കൂൾ വർഷം ഈ സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റ് ഏറ്റെടുത്തു.

സ്കൂൾ ആരംഭിക്കുന്ന കാലത്ത് കൊല്ലാട് പ്രദേശം സാമൂഹികമായും സാമ്പത്തികമായും പിന്നാക്കാവസ്ഥയിലായിരുന്നു. യാത്രാ സൗകര്യങ്ങൾ കുറവായിരുന്നു. അതിനാൽ തന്നെ അടുത്ത് ഒരു വിദ്യാലയം സ്ഥാപിതമായത് ഒരു ജനതയുടെ സ്വപ്ന സാക്ഷാത്ക്കാരമായിരുന്നു. എന്നാൽ ഇന്ന് ആളുകളുടെ സാമ്പത്തിക പുരോഗതി, യാത്രാ സൗകര്യം, ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള താൽപര്യം, പട്ടണത്തോടുള്ള ആഭിമുഖ്യം എന്നിവ കുട്ടികളുടെ കുറവിന് കാരണമായിട്ടുണ്ട്. സാഹചര്യങ്ങൾ പ്രതികൂലമായിരുന്നാലും ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്നതിനുവേണ്ടി ഇവിടുത്തെ അധ്യാപകർ, പി.റ്റി.എ, പൂർവ വിദ്യാർത്ഥികൾ എന്നിവർ അക്ഷീണം പ്രയത്നിക്കുന്നു. പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് മെമ്പർ തുടങ്ങിയവരുടെ സജീവ സാന്നിധ്യവും ഇവിടുത്തെ പ്രവർത്തനങ്ങളെ സഹായിക്കുന്നു.

# മേഖല-യുപി-മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം പഠനസമയത്ത് വളർത്താൻ പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപത്തിലൂടെ അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | **വാർത്താലോകത്തേക്ക്**<br>പത്രം, ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) സാഹിത്യ കൃതികളോടും സാഹിത്യകരോടും അനുകൂല മനോഭാവം വളർത്തൽ | **സംവാദം/അഭിമുഖം**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദവും സംഘടിപ്പിക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം | മലയാളം അധ്യാപകർ | |
| 4) മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടി എടുക്കൽ | **മ. കമ്പ്യൂട്ടിംഗ്**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുന്നു. സ്കൂൾ മാഗസിനിൽ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു. | വർഷത്തിൽ 3 തവണ | മലയാളം IT അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിക്കൽ | **രംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കവിത, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | മലയാളം അധ്യാപകർ | |
| 6) കുട്ടികളുടെ ആകാശവാണി അവതരണ മികവ് | **സെന്റ് മേരീസ് FM**<br>വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ലീഡർമാർ അധ്യാപകർ | |

# മേഖല - യു.പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | **Breaking News**<br>ഇംഗ്ലീഷ് വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | ജൂൺ - മാർച്ച് | ഇംഗ്ലീഷ് അധ്യാപകൻ | Lanaguage club |
| | **Follow me if you can**<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | Lanaguage club |
| | **Record the communication**<br>ഇംഗ്ലീഷ് അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് | ജൂലൈ | | |

| | | | | |
|---|---|---|---|---|
| | കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് കുട്ടികൾ തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു.<br>**Dubsmash**<br>ഒരു ഇംഗ്ലീഷ് സിനിമയുടെ ഒരു ഭാഗം കട്ട് ചെയ്ത് പ്രദർശിപ്പിച്ച് അത് ആവർത്തിച്ച് കേൾപ്പിച്ച ശേഷം അ ശബ്ദം കട്ട് ചെയ്ത് കുട്ടികളെ കൊണ്ട് അ ഭാഗം പറയാൻ അവസരം കൊടുക്കുക | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപക | ഇംഗ്ലീഷ് അധ്യാപക |
| | **English Reader**<br>ഇംഗ്ലീഷ് വാർത്തകൾ വായിച്ച് പുതിയ വാക്കുകൾ | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപക | Language club |

| | | | | |
|---|---|---|---|---|
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | കണ്ടുപിടിച്ച് അർത്ഥം കണ്ടെത്തുക<br>Mirror Reading<br>പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | | | |

# മേഖല - യു.പി - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1] 5,6,7 അക്ഷരബോധം ഉറപ്പിക്കൽ. ഹിന്ദി 5-ാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ, കഥകൾ എന്നിവ വായിപ്പിക്കുക. അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കുകയും ചെയ്യും. ചിത്രങ്ങൾ, അക്ഷരമാല, ചാർട്ട്, അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2] ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | നിരന്തരം പുസ്തകം വായിപ്പിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റു ഹിന്ദി ചിത്രകഥകൾ, കാർട്ടൂണുകൾ അതിന്റെ സി.ഡി എന്നിവ പ്ലേ ചെയ്ത് കാണിക്കും. താഴെ ഹിന്ദിയിൽ വാക്യങ്ങളുള്ള കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3] ഹിന്ദി സംസാരം:<br>ഹിന്ദിയിൽ സംസാരി-<br>ക്കാനുള്ള കഴിവുണ്ടാക്കി<br>യെടുക്കും. നിത്യ<br>ജീവിതത്തിൽ ആവശ്യം<br>വരുന്നത് ഹിന്ദിയിൽ<br>സംസാരിക്കാനുള്ള<br>ഭാഷ പരിചയപ്പെടുത്തും | വായനയ്ക്ക് ...<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ<br>വായിക്കും കുട്ടികൾ<br>ശ്രദ്ധയോടെ അത് ശരിയാക്കി<br>വായിക്കും. മത്സര വായന<br>തെറ്റാതെ, ആവർത്തിക്കാതെ,<br>വിക്കില്ലാതെ കൂടുതൽ<br>വരികൾ വായിക്കണം.<br>ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ<br>മുതൽ<br>ഫെബ്രുവരി<br>വരെ | ഹിന്ദി<br>അധ്യാപകൻ | |

# മേഖല-യു.പി-ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശില്പശാല** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷി | **ഒറിഗാമി ശില്പശാല** ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ പരിശീലിപ്പിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 3) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐടി സാധ്യതകളിലൂടെ** ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ഇവ പോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപക | |
| 4) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്** ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപികയും സമർത്ഥരായ കുട്ടികളും | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) വിവിധ ശേഷികളുടെ വികാസനം. | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG-യിൽ രൂപപ്പെടുത്തുന്നു.<br>നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG. | |
| 6) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിതഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഇക്ക് വിദ്യാലയങ്ങളിൽ നിന്ന് ക്ലാസ് എടുക്കുന്നു | വർഷത്തിൽ 5 തവണ | ഗണിത അധ്യാപക. | |

# മേഖല യു.പി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | **ജൈവ വൈവിധ്യ പാർക്ക്** ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ച് ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ ശാസ്ത്രക്ലബ്ബ് | പി.ടി.എ |

| | | | | |
|---|---|---|---|---|
| 2) ശാസ്ത്ര പ്രക്രിയശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ശാസ്ത്ര താൽപ്പര്യം വളർത്തുന്നു. പരീക്ഷണ കിറ്റുകൾ തയ്യാറാക്കുന്നു. പരീക്ഷണ കുറിപ്പ് തയ്യാറാക്കുന്നു.<br><br>**മാസ്റ്റർ മൈന്റ്**<br><br>ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കൽ. | വർഷത്തിൽ ഒരിക്കൽ | ശാസ്ത്രാധ്യാപകർ<br>ശാസ്ത്ര ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | സ്കൂൾ ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപക | ശാസ്ത്ര ക്ലബ്ബ് |
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | ജൂൺ-മാർച്ച് | ശാസ്ത്രാധ്യാപക | |
| | **ശാസ്ത്ര ലൈബ്രറി**<br>കുട്ടികളിൽ ശാസ്ത്രബോധം വർധിപ്പിക്കുന്നതിനായി ക്ലബ്ബുകളിൽ ശാസ്ത്ര പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപക | |

| | | | | |
|---|---|---|---|---|
| 3) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ, ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിന് പ്രയോജനപ്പെടുത്തുന്നു | **വിസ്മയ യാത്ര**<br>ഐ.സി.ടിയുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപക | സയൻസ് ക്ലബ്ബ് |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വർദ്ധിപ്പിക്കാൻ | പ്രതിഭാശാലികളായ കുട്ടികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നതിന് Atal Tinkering | അക്കാദമിക വർഷം | ശാസ്ത്രാധ്യാപക | |

| | | | | |
|---|---|---|---|---|
| | Laboratory പ്രയോജനപ്പെടുത്തുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് ത്രിമാന ചിത്രങ്ങൾ കാണാൻ അവസരമൊരുക്കുന്നു.<br><br>ഇലക്ട്രോണിക് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം.<br><br>ശാസ്ത്രം പരീക്ഷണങ്ങളിലൂടെ കുട്ടികളിലേക്ക് എത്തിക്കുന്നു. | ജൂൺ-മാർച്ച് | ശാസ്ത്രാധ്യാപക | സയൻസ് ക്ലബ്ബ് |

# മേവല യു.പി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാ തലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളെ ഉപയോഗിച്ച് Memory Test നടത്തുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **Virtual Field Trip**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 3. പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ് വെള്ളപ്പൊക്കം, ഉരുൾ പൊട്ടൽ എന്നിവയുടെ ഭീതി ജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുക | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | SRG |
| 4. സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നുറുങ്ങു വെട്ടം<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 5. വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം<br>സൈബർ സുരക്ഷ, ട്രാഫിക് നിയമങ്ങൾ, ട്രാഫിക് സിഗ്നലുകൾ, റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നിവയെ കുറിച്ച് ബോധവാന്മാരാക്കുക | ഒക്ടോബർ | SS അധ്യാപകർ | PTA |
| 6) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളേ<br>പരിസ്ഥിതി മലിനീകരണം, പരിസ്ഥിതി നശീകരണം എന്നിവ മനസ്സിലാക്കുവാൻ കാവുകൾ, കണ്ടൽ കാടുകൾ, തണ്ണീർ തടങ്ങൾ എന്നിവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുക | നവംബർ – ഡിസംബർ<br>അക്കാദമിക വർഷം | S.S അധ്യാപകർ | PAA |